# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 18.04.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ലോക്സഭയിലും നിയമസഭകളിലും സ്ത്രീകൾക്ക് മൂന്നിലൊന്ന് സംവരണം നടപ്പാക്കാനുള്ള നൂറ്റി മുപ്പത്തിയൊന്നാം ഭരണഘടനാ ഭേദഗതി ബിൽ ലോക്സഭയിൽ പരാജയപ്പെട്ടു.
   **Constitution amendment bill to implement one third reservation to women in the Lok Sabha and the legislative assemblies fails in Lower House of Parliament.**
2. പശ്ചിമേഷ്യൻ സംഘർഷത്തിൻറെ രാജ്യത്ത് ഇന്ധനക്ഷാമം ഉണ്ടാകുമെന്ന അഭ്യൂഹങ്ങൾ അടിസ്ഥാനരഹിതമാണെന്ന് കേന്ദ്ര സർക്കാർ.
   **The Union Government has said that rumors on fuel shortage in the country in the context of West Asian conflict are baseless.**
3. ഹോർമുസ് കടലിടുക്ക് വഴിയുള്ള സഞ്ചാരം സുഗമമാക്കുന്നതിന് ബ്രിട്ടനും ഫ്രാൻസും നേതൃത്വം നൽകുന്ന വെർച്വൽ ഉച്ചകോടിയിൽ പങ്കെടുക്കാൻ ഇന്ത്യക്ക് ക്ഷണം.
   **India has officially confirmed that it has been invited to take part in a maritime initiative led by the United Kingdom and France to protect transit through the Strait of Hormuz,**
4. പൊള്ളാച്ചി വാൽപ്പാറ ദുരന്തത്തിൽ മരിച്ച 9 പേരുടേയും പോസ്റ്റ്മോർട്ടം പൂർത്തിയായി. ദുഖം രേഖപ്പെടുത്തി പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും ഉൾപ്പടെയുള്ളവർ.
   **The postmortem of all 9 people who died in the Pollachi-Valparai mishap has been completed. The President, Prime Minister and the Chief Minister, among others, expressed grief.**
5. കേരളത്തിൽ കനത്ത ചൂട് തുടരുന്നു. ഉഷ്ണ തരംഗത്തിനു സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് നിർദേശം.

Severe heat continues in Kerala. People are advised to be vigilant as there is a warning of heat wave.

6. ഐപിഎൽ ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെതിരെ ഗുജറാത്ത് ടൈറ്റൻസിന് അഞ്ച് വിക്കറ്റ് ജയം.

Gujarat Titans beat Kolkata Knight Riders by five wickets in IPL cricket.

&&&&&&&&&&&&&&

## PARLIAMENT BILLS ( INTRO)

ലോക്സഭയിലും നിയമസഭകളിലും സ്ത്രീകൾക്ക് മൂന്നിലൊന്ന് സംവരണം നടപ്പാക്കാനുള്ള ഭരണഘടനാ ഭേദഗതി ബിൽ ലോക്സഭയിൽ പാസായില്ല. ഭരണഘടനയുടെ നൂറ്റി മുപ്പത്തിയൊന്നാം ഭേദഗതി ബിൽ, മൂന്നിൽ രണ്ട് ഭൂരിപക്ഷം ലഭിക്കാത്തതിനാലാണ് ലോക്സഭയിൽ പാസാകാത്തത്.

ഇതുമായി അനുബന്ധിച്ചുള്ള , കേന്ദ്രഭരണ പ്രദേശ നിയമനിർമ്മാണ ഭേദഗതി ബിൽ, ഡീലിമിറ്റേഷൻ ബിൽ എന്നിവയിലും ഇനി തുടർ നടപടികളുണ്ടാകില്ലെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള അറിയിച്ചു.

വിശദാംശങ്ങളിലേക്ക്...

( വോയിസ്...)

## PARLIAMENT BILLS (VOICE)

489 അംഗങ്ങളിൽ 326 പേരുടെ വോട്ടാണ് ആവശ്യമായിരുന്നത്. എന്നാൽ 298 എംപിമാർ ബില്ലിനെ അനുകൂലിച്ചും 230 പേർ എതിർത്തും വോട്ട് ചെയ്തു. നിയമനിർമ്മാണം പാസാക്കുന്നതിന് മതിയായ ഭൂരിപക്ഷം ലഭിക്കാത്തതിനാൽ മുന്നോട്ട് പോകാൻ കഴിയില്ലെന്ന് സ്പീക്കർ ഓം ബിർള പ്രഖ്യാപിച്ചു.

( വോയിസ് ബിർള )

പാർലമെന്റിൽ അവതരിപ്പിച്ച ഡീലിമിറ്റേഷൻ ബിൽ, കേന്ദ്രഭരണ പ്രദേശങ്ങളിലെ നിയമങ്ങൾ ഭേദഗതി ബിൽ എന്നിവ നൂറ്റി മുപ്പത്തിയൊന്നാം ഭേദഗതി ബില്ലുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ആ രണ്ട് ബില്ലുകളും പാസാക്കില്ലെന്ന് കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു അറിയിച്ചു. സ്ത്രീകൾക്ക് സംവരണം നൽകാനുള്ള അവസരം പ്രതിപക്ഷം നഷ്ടപ്പെടുത്തിയെന്ന് അദ്ദേഹം ആരോപിച്ചു.

ഡീലിമിറ്റേഷനായി ഭരണഘടനയിൽ വ്യവസ്ഥകളുണ്ടെന്നും എല്ലാ നിയോജകമണ്ഡലങ്ങളിലെയും വോട്ടർമാരെ യുക്തിസഹമായി വിലയിരുത്തുന്നതിന് ഡീലിമിറ്റേഷൻ ബിൽ ആവശ്യമാണെന്നും ചർച്ചയ്ക്ക് മറുപടി നൽകിക്കൊണ്ട് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. നാരി ശക്തി വന്ദൻ അധിനിയം വനിതാ സംവരണ ബിൽ അല്ലെന്നും സ്ത്രീ ശാക്തീകരണവുമായി ബില്ലിന് ബന്ധമില്ലെന്നും ചർച്ചയിൽ പങ്കെടുത്ത ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ആരോപിച്ചു.

**ന്യൂസ്ഡെസ്ക് ആകാശവാണി....**

&&&&&&&&&&&&&&&

## LPG SCARCITY (INTRO)

രാജ്യത്ത് ഇന്ധനക്ഷാമം ഉണ്ടാകുമെന്ന അഭ്യൂഹങ്ങൾ അടിസ്ഥാനരഹിത മാണെന്ന് പെട്രോളിയം മന്ത്രാലയം. പെട്രോൾ, ഡീസൽ, എൽ.പി.ജി എന്നിവയുടെ മതിയായ ശേഖരം രാജ്യത്തുള്ളതായും, റിഫൈനറികൾ തടസ്സമില്ലാതെ പ്രവർത്തിക്കുന്നതായും മന്ത്രാലയം അറിയിച്ചു. രാജ്യത്തെ വിടെയും ഗ്യാസ് ഏജൻസികളിൽ സ്റ്റോക്ക് തീരുന്ന സാഹചര്യം റിപ്പോർട്ട് ചെയ്തിട്ടില്ല. വാണിജ്യ മേഖലയിലെ വിതരണം 70 ശതമാനത്തോളം പുനഃസ്ഥാപിച്ചു കഴിഞ്ഞതായും, 4.68 ലക്ഷം പുതിയ പി എൻജി കണക്ഷനുകൾ നൽകിയതായും പെട്രോളിയം മന്ത്രാലയം ജോയിൻറ് സെക്രട്ടറി സുജാത ശർമ്മ അറിയിച്ചു. (വോയ്സ്)

&&&&&&&&&&&&&&&

## INDIA-UK-FRANCE-HORMUZ

ഹോർമുസ് കടലിടുക്ക് വഴിയുള്ള സഞ്ചാരം സുഗമമാക്കുന്നത് സംബന്ധിച്ച് ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാർമറും ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണും ചർച്ച നടത്തി. ഹോർമുസ് കടലിടുക്കിലെ സാഹചര്യം പരിഹരിക്കുന്നതിനായി ഏകദേശം 40 രാജ്യങ്ങളുമായി ഒരു വെർച്വൽ ഉച്ചകോടി നടത്താൻ ഇരു നേതാക്കളും ധാരണയായി. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഊർജ്ജ ഇടനാഴികളിൽ ഒന്നിന്റെ സുരക്ഷ ഉറപ്പാക്കാൻ വിളിച്ചു ചേർക്കുന്ന യോഗത്തിൽ ഇന്ത്യയ്ക്കും ക്ഷണമുണ്ടെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു.

&&&&&&&&&&&&&&

**REV US-IRAN HORMUZ OPEN**

പശ്ചിമേഷ്യൻ സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ അടച്ച ഹോർമുസ് കടലിടുക്ക്, ചരക്ക് കപ്പലുകൾക്കായി പൂർണ്ണമായും തുറന്നു. ലെബനൻ-ഇസ്രായേൽ തർക്കത്തിൽ പത്ത് ദിവസത്തെ വെടിനിർത്തൽ പ്രഖ്യാപിച്ചതിന് പിന്നാലെയാണ് ഇറാന്റെ ഈ നിർണ്ണായക നീക്കം. ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് തീരുമാനത്തെ സ്വാഗതം ചെയ്യുതായി അറിയിച്ചു. ആഴ്ചകളായി അടഞ്ഞുകിടന്ന ഹോർമുസ് കടലിടുക്ക് തുറന്നതോടെ ആഗോള വിപണിയിൽ എണ്ണവില 11 ശതമാനത്തിലധികം ഇടിഞ്ഞു.

&&&&&&&&&&&&&&

**MEA BRIEFING (1)**

ഇസ്രയേൽ - ലെബനൻ വെടിനിർത്തൽ കരാറിനെ സ്വാഗതം ചെയ്ത് ഇന്ത്യ. മേഖലയിൽ സമാധാനം പുനഃസ്ഥാപിക്കാനുള്ള ഏത് നടപടിയെയും ഇന്ത്യ പിന്തുണയ്ക്കുമെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

&&&&&&&&&&&&&&

**US BLOCKADE**

ഇറാനുമായുള്ള സമഗ്ര സമാധാന കരാർ അന്തിമമാക്കുന്നതുവരെ ഇറാനിയൻ തുറമുഖങ്ങളിൽ അമേരിക്കൻ നാവിക ഉപരോധം തുടരുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ഹോർമുസ് കടലിടുക്കിലേക്കുള്ള പ്രവേശന മാർഗ്ഗം പുനഃസ്ഥാപിക്കാനുള്ള ഇറാന്റെ നീക്കത്തിനിടെയാണ് ട്രംപിന്റെ പ്രഖ്യാപനം. ഇറാനുമായി മാത്രമാണ് നാവിക ഉപരോധമെന്നും സമാധാനക്കരാർ 100 ശതമാനം പൂർത്തിയാകുന്നതുവരെ പൂർണ്ണ ശക്തിയിൽ ഉപരോധം തുടരുമെന്നും ട്രംപ് ട്രൂത്ത് സോഷ്യലിലൂടെ വ്യക്തമാക്കി.

&&&&&&&&&&&&&&

**ELECTION - TN - WB**

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന തമിഴ്നാട്ടിലും പശ്ചിമ ബംഗാളിലും പ്രചാരണം ഊർജിതം. ഇരു സംസ്ഥാനങ്ങളിലും ഈ മാസം 23 നാണ് വോട്ടെടുപ്പ്. രണ്ട് ഘട്ടമായി വോട്ടെടുപ്പ് നടക്കുന്ന പശ്ചിമബംഗാളിൽ ആദ്യഘട്ടത്തിൽ 152 മണ്ഡലങ്ങളിലാണ് വിധിയെഴുതുന്നത്. രണ്ടാം ഘട്ട പോളിംഗ് ഈ മാസം 29 ന് നടക്കും. മെയ് നാലിനാണ് വോട്ടെണ്ണൽ

&&&&&&&&&&&&&&&&&&

**ACCIDENT (INTRO)**

പൊള്ളാച്ചി വാൽപ്പാറ ദുരന്തത്തിൽ മരിച്ച 9 പേരുടേയും മൃതദേഹം പോസ്റ്റ് മോർട്ടം പൂർത്തിയാക്കി മലപ്പുറത്തേക്ക് കൊണ്ടു വരികയാണ്. പരിക്കേറ്റവർക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കാനും തമിഴ്നാട് സർക്കാർ നിർദേശം നൽകിയിരുന്നു. സംഭവത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പടെയുള്ളവർ ദുഖം രേഖപ്പടുത്തി. മരിച്ചവരുടെ കുടുംബങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ സർക്കാർ നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. മലപ്പുറം ജില്ല കലക്ടറുടെ മേൽനോട്ടത്തിൽ മലപ്പുറം ജില്ലയിൽ നിന്നുള്ള ആരോഗ്യ വിഭാഗം, റവന്യൂ വിഭാഗം ഉദ്യോഗസ്ഥർ ഇന്നലെ രാത്രി തന്നെ സംഭവ സ്ഥലത്തെത്തിയിരുന്നു. മലപ്പുറം ജി.എൽ.പി സ്കൂളിലെ അധ്യാപകർ ഉൾപ്പടെയുള്ളവരാണ് വാഹനത്തിൽ ഉണ്ടായിരുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു...
(വോയ്സ്)

&&&&&&&&&&&&&&&&&&

**SABARIMALA**

വിഷു പൂജകൾ പൂർത്തിയാക്കി ശബരിമല അയ്യപ്പ ക്ഷേത്ര നട ഇന്ന് അടയ്ക്കും. ഇന്ന് സഹസ്രകലശ അഭിഷേകം നടക്കും. ഇടവമാസ പൂജയ്ക്കായി നട വീണ്ടും അടുത്ത മാസം 14 ന് തുറക്കും.

&&&&&&&&&&&&&&&&&&

**HAJJ 2026**

ഇന്ത്യയിൽ നിന്നുള്ള ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് ഇന്ന് തുടക്കമാകും. രാജ്യത്തെ വിവിധ കേന്ദ്രങ്ങളിൽ നിന്നായി ഒരു ലക്ഷത്തി എഴുപത്തയ്യായിരത്തിലധികം തീർത്ഥാടകരാണ് ഇത്തവണ സൗദി അറേബ്യയയിൽ ഹജ്ജ് കർമ്മത്തിൽ പങ്കെടുക്കുന്നത്.

&&&&&&&&&&&&&&&

**WEATHER KERALA**

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. ഞായറാഴ്ച വരെ 12 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഉയർന്ന താപനില മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ചിലയിടങ്ങളിൽ ഉഷ്ണ തരംഗത്തിനു സമാനമായ സാഹചര്യമാണ് നിലനിൽക്കുന്നത്. ഇടുക്കി, വയനാട് ഒഴികെയുള്ള ജില്ലകളിൽ താപനില 2 മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ട്. പാലക്കാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ ചൂട് രേഖപ്പെടുത്തിയത്. സംസ്ഥാനത്ത് കനത്ത ചൂട് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ് അറിയിച്ചു. പ്രധാന ആശുപത്രികളിൽ പ്രത്യേക ഹീറ്റ് സ്ട്രോക്ക് ക്ലിനിക്കുകൾ ആരംഭിച്ചു.

&&&&&&&&&&&&&&&

**IPL**

ഐപിഎൽ ക്രിക്കറ്റിൽ ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലിന്റെ അർദ്ധസെഞ്ച്വറി മികവിൽ, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെതിരെ ഗുജറാത്ത് ടൈറ്റൻസ് അഞ്ച് വിക്കറ്റിന് വിജയിച്ചു. 181 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഗുജറാത്ത് ടൈറ്റൻസ് രണ്ട് പന്ത് ബാക്കി നിൽകെ ലക്ഷ്യം നേടുകയായിരുന്നു. 86 റൺസെടുത്ത ശുഭ്മാൻ ഗില്ലാണ് കളിയിലെ താരം. ഇന്ന് 3:30 ന് ബെംഗളൂരുവിൽ നടക്കുന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു - ഡൽഹി ക്യാപിറ്റൽസിനെ നേരിടും. ഹൈദരാബാദിൽ രാത്രി 7:30 ന് ആരംഭിക്കുന്ന മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദ് - ചെന്നൈ സൂപ്പർ കിംഗ്സുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&&&

**WOMENS T20 CRICKET**

ഡർബനിൽ നടന്ന ട്വന്റി20 വനിതാ ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയെ 6 വിക്കറ്റിന് പരാജയപ്പെടുത്തി ദക്ഷിണാഫ്രിക്ക. 158 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ദക്ഷിണാഫ്രിക്ക അഞ്ച് പന്ത് ബാക്കി നിൽകെ ലക്ഷ്യം മറികടക്കുകയായിരുന്നു. ഇതോടെ അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ദക്ഷിണാഫ്രിക്ക 1-0 ന് മുന്നിലെത്തി. പരമ്പരയിലെ അടുത്ത മത്സരം ഞായറാഴ്ച നടക്കും.

**&&&&&&&&&&&&&&**

**ISL**

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ളാസ്റ്റേഴ്സ് - ജംഷെഡ്പൂരിനെയും, ഗോവ - മുംബൈ സിറ്റിയേയും നേരിടും.

**&&&&&&&&&&&&&&**

**MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്തിലേക്ക് ഈ മാസം 24 വരെ ജനങ്ങൾക്ക് അഭിപ്രായങ്ങൾ പങ്കുവയ്ക്കാം. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ നരേന്ദ്ര മോദി ആപ്പിലൂടെയോ MY GOV ഓപ്പൺ ഫോറം വഴിയോ ആണ് നിർദേശങ്ങൾ പങ്കുവെയ്ക്കേണ്ടത്.

**&&&&&&&&&&&&&&**

**RAHUL GANDHI**

ഇരട്ട പൗരത്വുമായി ബന്ധപ്പെട്ട കേസിൽ റായ്ബറേലിയിൽ നിന്നുള്ള കോൺഗ്രസ് എംപിയും ലോക്സഭയിലെ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധിക്കെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ അലഹബാദ് ഹൈക്കോടതിയുടെ ലഖ്നൗ ബെഞ്ച് ഉത്തരവിട്ടു. രാഹുൽ ഗാന്ധിക്കെതിരെയുള്ള പരാതി പരിശോധിക്കേണ്ടതുണ്ടെന്ന് ജസ്റ്റിസ് സുഭാഷ് വിദ്യാർത്ഥിയുടെ സിംഗിൾ ബെഞ്ച് ഇന്നലെ നിരീക്ഷിച്ചു. അന്വേഷണം സ്വയം നടത്തുകയോ വിഷയം ഒരു കേന്ദ്ര ഏജൻസിക്ക് കൈമാറുകയോ ചെയ്യണമെന്ന് ഉത്തർപ്രദേശ് സർക്കാരിനോടും നിർദ്ദേശിച്ചു.

**&&&&&&&&&&&&&&**

**&&&&&&&&&&&&&&**

**&&&&&&&&&&&&&&**